# വഴിയിലെ ഇടർച്ച

*എന്റെ ജനത്തിന്റെ വഴിയിൽ നിന്ന് ഇടർച്ച മാറ്റുവിൻ (യെശ.57.14)*

ആദ്യമായി കോട്ടയത്തിന് തീവണ്ടിയിൽ യാത്ര ചെയ്ത കുട്ടി പുറത്തോട്ടു നോക്കി കാഴ്ചകൾകണ്ട് സന്തോഷിച്ചിരിക്കുയായിരുന്നു.കോട്ടയത്തിനടുക്കാറായപ്പോൾ ആദ്യത്തെ തുരങ്കത്തിൽ തീവണ്ടി പ്രവേശിക്കയും കുട്ടി വല്ലാതെ ഭയന്ന് നിലവിളിക്കുകയും ചെയ്തു. അപ്പോ. നമ്മൾ ഇപ്പോൾ മരിക്കും അപ്പൻ കുട്ടിയെ ആശ്വസിപ്പിച്ചപ്പോഴേക്കും തീവണ്ടി തുരങ്കത്തിന് പുറത്തായി, കുട്ടിയുടെ ഭയവും മാറി ജീവതമാകുന്ന വഴിയാത്രയിലുണ്ടാകുന്ന ഇടർച്ചകൾ പലപ്പോഴും നമ്മെ ഭയപ്പെടുത്താറുണ്ട് എന്നാൽ സഹായകനായ ദൈവം കൂടെയുള്ളതിനാൽ നാം ഭയപ്പെടേണ്ട കാര്യമില്ല നീ എന്നെ സഹായിക്കുന്നവനും എന്ന് സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീ.40.17) യിസ്രായേലേ നീഭാഗ്യവാൻ. അവൻ നിന്റെ സഹായത്തിൽ പരിചയും നിന്റെ മഹിമയുടെ വാളും ആകുന്നു.. (അവ 33.29) നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ, വഴി ഇതാകുന്നു ഇതിലെ നടന്നു കൊൾവിൻ (യെശ 30.21) എന് മാർഗ്ഗനിർദ്ദേശം യഹോവ തരുന്നു.

വഴിയിലെ അഞ്ച് ഇടർച്ചകൾ.

1. ജനത്തിന്റെ മനസ് ക്ഷീണിച്ചതു മൂലം ഉണ്ടായ ഇടർച്ച (സംഖ്യ. 21.4-9) മനസ് ക്ഷീണിച്ച യിസ്രായേൽ ജനം ആഹാരം, വെള്ളം ഇവയ്ക്കായി പിറുപിറുക്കാൻ തുടങ്ങി ദൈവത്തിനും മോശയ്ക്കും വിരോധമായി സംസാരിച്ച ജനത്തിന് അഗ്നിസർപ്പത്തിന്റെ ദംശനം ഏറ്റു തെറ്റ് മനസ്സിലാക്കിയ ജനം നിലവിളിച്ചപ്പോൾ താമ്രംകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൽ തൂക്കി കടിയേറ്റവർ അതിനെ നോക്കിയാൽ രക്ഷപെടും എന്ന് ദൈവം കല്പിച്ചു. എന്നാൽ പിൽക്കാലത്തി ജനം സർപ്പത്തെ ആരാധിക്കുവാൻ തുടങ്ങി അതാണ് നെഹുഷ്ഠൻ (2 രാജ 18.15) ദൈവത്തിന് പ്രഥമ സ്ഥാനം നൽകിയാലും അതെല്ലാം നെഹുഷ്ഠാനാണ് യഹോവയ്ക്ക് പ്രസാദമുള്ള പ്രവൃത്തി ചെയ്തഹിസ്കിയാവ് ഈ പ്രതിമകളെ എല്ലാം തകർത്തതിനാൽ യഹോവ ഏവനോടുകൂടെ ഉണ്ടായിരുന്നു (2 രാജ 18.17) ആയതിനാൽ യഹോവയുടെ മുഖത്തേക്ക് നോക്കു. യഹോവയ്ക്ക് അഹിതമായതിനെ ഉപക്ഷിച്ച് അവനെ ആരാധിച്ചാൽ രോഗവും ക്ഷീണവും പിറുപിറുപ്പും മാറും

2. വഴിയിലെ ശണ്ഠ - നിങ്ങൾ വഴിയിവെച്ച് ശണ്ഠ ഇടരുത് (ഉല്പ.45.24)

സഹോദരങ്ങൾക്ക് തന്നെ വെളിപ്പെടുത്തിയശേഷം യോസഫ്, ഫറവോന്റെ കല്പനപ്രകാരം രഥങ്ങൾ വഴിക്ക് വേണ്ടുന്ന ആഗ്രഹം, ഓരോരുത്തന് ഓരോ വസ്ത്രം ഇവ നൽകി. എന്നാൽ ബെന്യാമീന് മുന്നൂറ് വെള്ളിക്കാശും അഞ്ച് വസ്ത്രം കൊടുത്തു (ഉല്പ.45.21,22) അതുകൊണ്ടാണ് നിങ്ങളുടെ പഴയസ്വഭാവം എടുക്കരുതെന്ന് യോസഫ് പറയുന്നത്. യോസഫിന് ലഭിച്ച പുത്തൻ ഉടുപ്പായിരുന്നല്ലോ അവരുടെ ശണ്ഠയ്ക്ക് ഒരു കാരണം സഹോദരനോടുള്ള അസൂയയാണ് എല്ലാവിധത്തിലുള്ള പ്രശ്നങ്ങൾക്കു കാരണം ഒരു ദോഷവും ചെയ്യാത്തവരോട് ശണ്ഠയിടരുത് (സദൃ. 3.30) എന്നും ഏത് ഭോഷനും ശണ്ഠകൂടും (സദൃ 20.3) എന്നും തിരുവചനം പഠിപ്പിക്കുന്നു. ക്രിസ്ത്യാനികൾ കൂടുതലുള്ള ഇടുക്കി ജില്ലയിലാണ് ഗുണ്ടായിസവും കഞ്ചാവും കള്ളവാറ്റും വസ്തുതർക്കവും കള്ളവാറ്റും വസ്തുതർക്കവുംകൂടുതലുള്ളത എന്ന് ഒരു സർവ്വേ വെളിപ്പെടുത്തുന്നു. പഴയസ്വഭാവത്തെ ഉപേക്ഷിക്കുവാൻ തയ്യാറാകുകുക. ദൈവഹിതമല്ലാത്ത പഴയസ്വഭാവത്തെ ഉപേക്ഷിച്ചാൽ വഴിയിലെ ശണ്ഠ ഒഴിവാക്കാം.

3) വഴിയിൽവെച്ച് നശിക്കുക

വഴിയിലെ ഇടർച്ചയാൽ തകർന്നുപോയ അബ്ശാലോമിന്റെ ജീവിതം ഒരു ഉദാഹരണമാണ്. (2ശമു.13.1.15)രാജ്യഭരണം ഭംഗിയായി നടത്തിയ ദാവിദ് രാജാവിന് തന്റെ മക്കളെ ശരിക്കുവളർത്തുവാൻ കഴിഞ്ഞില്ല. യോവാബ് കരുവേലകത്തിൽ തൂങ്ങിക്കിടന്ന അബ്ശാലോമിന്റെ നെഞ്ച് കുത്തിക്കീറിയും അദ്ധേഹത്തിന്റെ പത്ത് ബാല്യക്കാർ വളഞ്ഞുനിന്ന് അബ്ശാലേമിനെ അടിച്ചുകൊല്ലുകയും ചെയ്തു. എന്നാൽ ദീവിതമാകുന്ന വഴയിലെ ഇടർച്ച അതിജീവിക്കുവാൻ സാധിച്ചവനാണ് മുടിയനായ പുത്രൻ. (ലൂക്കോ.15-11-32) തനിക്കുവേണ്ടി കണ്ണുനീരോട് യാഗം അർപ്പിച്ച പിതാവിന്റെ സ്നേഹമാണ് മടങ്ങിവരവിന് മുഖാന്തരമായത്. പക്ഷേ തന്റെ മക്കൾ പാപം ചെയ്ത് ദൈവത്തെ ത്യജിച്ചോ എന്ന ഭയത്താൽ ഇയ്യോബ് അതിരാവിലെ യാഗം കഴിച്ചു. (ഇയ്യോബ്.1.5) ഇന്ന് എത്ര മാതാപിതാക്കൾ ഇപ്രകാരം യാഗം അർപ്പിക്കാറുണ്ട്.

4) വഴിയിലെ ഇടർച്ച ശത്രുമൂലം (ലൂകോ.10.30.35)

യെരുശലേമിൽ നിന്ന് യെരിഹോവിലേക്ക് പോയ വഴിയാത്രക്കാരൻ കള്ളൻമാരാൽ ഉപദ്രവിക്കപ്പെട്ടു. മുറിവുകളാൽ അർദ്ധപ്രാണനായി വഴിയിൽ ഉപേക്ഷിക്കപ്പെട്ട അവനെ സബായിക്കാതെ വഴിമാറിപ്പോയ സഹോദരങ്ങൾ. അതേ ജീവിതമാകുന്ന വഴിയാത്രയിൽ അശ്രദ്ധമായാൽ ശത്രുനമ്മെയും ഉപദ്രവിക്കും. ശത്രുവസ്ത്രം കീറി നമ്മെ വിവസ്ത്രമാക്കുമ്പോൾ നല്ലസമര്യക്കാരനായ ക്രിസ്തു രക്ഷയുടെ വഴിയമ്പലത്തിൽ െത്തിച്ച് വേണ്ടതെല്ലാം ചെയ്യുകയും പുതുവസ്ത്രം തന്ന് നമ്മെ കരുതുകയും ചെയ്യുന്നു.

5)വഴിയിലെ ഇടർച്ച അനുസരണക്കേടുമൂലം(ഉല്പ.19.17)

തിരിഞ്ഞുനോക്കരുത് എന്ന ദൈവകല്പന ലോകത്തിന്റെ ഭാര്യ അനുസരിക്കാത്തതിനാൽ ഉപ്പു തൂണായി. കണ്ണിന്റെ ഇടർച്ച നാശത്തിലേക്കുനയിച്ചു. കൈകളുടെ ഇടർച്ചയാൽ ഹവ്വാ പാപം പറിച്ചുതിന്ന് ദൈവകല്പന
ലംഘിച്ചു.പോകുവാൻ പറഞ്ഞസ്ഥലം നിനവെ മറന്ന് യാത്രപോയ യോന കാലിന്റെ ഇടർച്ചമൂലം പ്രശ്നമുണ്ടാക്കി. ഇന്ദ്രിയങ്ങളുടെ തുടർച്ചയാണ് അനുസരണ്കേടിന് കാരണം.

വഴിയിലെ ഇടർച്ചസംഭവിക്കാതിരിക്കാൻ മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്ക.

1) ഇടവിടാതെ പ്രാർത്ഥിക്ക 2)സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്ക 3) യഹോവയെ അറിവാൻ ഉത്സാഹിക്കുകയും അവനോട് ചേർന്ന് നടക്കുകയും ചെയ്യുക എന്നാൽ ഈ ഇടർച്ചകളിൽ നിന്ന് രക്ഷപ്പെടാം.



*Sis. Shanthamma Varghese*

**ശാന്തമ്മ വർഗീസ്**